# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1606

21.01.2014-ലെ മറുപടിക്ക്

## ആലപ്പുഴ നഗരസഭയിൽ പ്രവർത്തനരഹിതമായി കിടക്കുന്ന കടമുറികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എ.എം.ആരിഫ് | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ വിവിധ നഗരസഭകൾ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുകയും നഗരസഭകളുടെ വരുമാന ദായകമായ സ്ഥാപനങ്ങൾ പ്രവർത്തനരഹിതമാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) ഇതിൽ പ്രവർത്തനരഹിതമായ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് നിർദ്ദേശിക്കുകയും ആവശ്യമായ സാമ്പത്തിക സഹായം നൽകാനും നടപടി സ്വീകരിക്കുമോ ; | ബി) നടപടികൾ സ്വീകരിച്ചുവരുന്നു. |
| സി) ആലപ്പുഴ നഗരസഭയിൽ ഇ.എം.എസ്. സ്റ്റേഡിയത്തോടനുബന്ധിച്ച് എത്ര കടമുറികൾ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട് ; നിർമ്മാണം പൂർത്തിയായ അടഞ്ഞുകിടക്കുന്ന എത്ര മുറികൾ ഉണ്ട് ; എത്ര നാളുകളായി ഇവ അടഞ്ഞുകിടക്കുന്നു ; അറിയിക്കുമോ ; | സി) ഇ.എം.എസ്. സ്റ്റേഡിയം ഷോപ്പിംഗ് കോംപ്ലക്സിൽ 124 കടമുറികളിൽ 120 എണ്ണം ഒഴിഞ്ഞുകിടക്കുകയാണ്. നിലവിൽ 4 കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. 30/07/2010-ൽ ടി കടമുറികൾ പൂർത്തിയായിട്ടുള്ളതാണ്. |
| ഡി) നഗരസഭയുടേതായി നഗരത്തിലെ വിവിധ പ്രദേശങ്ങളിൽ പ്രവർത്തനരഹിതമായിക്കിടക്കുന്ന എത്ര കടമുറികളും അനുബന്ധ സ്ഥാപനങ്ങളും ഉണ്ടെന്ന് വ്യക്തമാക്കുമോ ; അവ ഏതെല്ലാമാണ് ; | ഡി) ഇ.എം.എസ്. സ്റ്റേഡിയത്തിലെ 120 കടമുറികൾ പ്രവർത്തനരഹിതമാണ്. |

| | | | |
|---|---|---|---|
| ഇ) | ഈ സ്ഥാപനങ്ങൾ സുതാര്യവും സമയബന്ധിതവുമായി ലേലം ചെയ്തു നൽകുന്നതിനാവശ്യമായ നിർദ്ദേശവും സഹായധനവും നൽകുമോ ; | ഇ) | ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നിർദ്ദേശം നൽകുന്നതാണ്. |
| എഫ് | തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങളുടെ വക സ്ഥാപനങ്ങൾ സഹകരണ സംഘങ്ങൾക്കും സർക്കാർ വകുപ്പുകൾക്കും മറ്റും നൽകുന്നതിൽ എന്തെല്ലാം ഇളവുകൾ നൽകാറുണ്ട് ; പ്രസ്തുത സ്ഥാപനങ്ങളുടെ അപേക്ഷയ്ക്ക് മുൻഗണനയും സാമ്പത്തിക ഇളവും അനുവദിക്കാറുണ്ടോ ; വിശദ മാക്കുമോ ? | എഫ്) | ഇളവ് നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ